# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ **19** — **07.08.2017** ൽ മറുപടിക്ക്

## മതസ്പർദ്ധ വളർത്തുന്ന പരാമർശത്തിനെതിരെ നടപടി

**ചോദ്യം:**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**
**ശ്രീ. അബ്ദുൽ ഹമീദ് പി.**
**ശ്രീ. ടി.വി.ഇബ്രാഹിം**
**ശ്രീ. പാറക്കൽ അബ്ദുല്ല**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** ജനങ്ങൾക്കിടയിൽ വർഗ്ഗീയ വേർതിരിവുണ്ടാക്കുന്ന രീതിയിൽ മുൻ പോലീസ് മേധാവി നടത്തിയ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(എ)** ചില വർഗ്ഗീയ സംഘടനകളെ താരതമ്യം ചെയ്തുകൊണ്ടും കുട്ടികളുടെ ജനന നിരക്കിനെ മതത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തുകൊണ്ടും മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ.റ്റി.പി.സെൻകുമാർ നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**(ബി)** ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**(സി)** ഇതിനെതിരെ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതിയിന്മേൽ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ടി കേസ്സ് ക്രൈംബ്രാഞ്ചിൽ റീരജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈംബ്രാഞ്ച് സി.ഐ.ഡി., ഒ.സി.ഡബ്ല്യൂ-1 പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അന്വേഷണം നടത്തി വരികയുമാണ്.

**(ഡി)** സമൂഹത്തിൽ ജാതി, മത സ്പർദ്ധ വളർത്തുന്ന രീതിയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുമോ;

**(ഇ)** ഈ വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ?

**(ഡി)&(ഇ)**

സമൂഹത്തിലെ സൗഹാർദ്ദാന്തരീക്ഷം തകർക്കുന്ന നിലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ പൊതുനയം. ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ